# പതിമൂന്നാം കേരള നിയമസഭ
## ഏട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.872

20/03/2013-ൽ മറുപടിയ്ക്ക്

## എലത്തൂർ നിയോജകമണ്ഡലത്തിൽ നടപ്പാക്കാൻ തീരുമാനിച്ചിട്ടുള്ള പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എ.കെ.ശശീന്ദ്രൻ | ശ്രീ.പി .ജെ.ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| എ) | ജലവിഭവ വകുപ്പ് എന്തൊക്കെ വികസന പദ്ധതികളാണ് എലത്തൂർ നിയോജകമണ്ഡലത്തിൽ നടപ്പിലാക്കുവാൻ തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | എ) & ബി) | **ചീഫ് എഞ്ചിനീയർ, ജലസേചനവും ഭരണവും. - മേജർ ഇറിഗേഷൻ**<br>റിവർ മാനേജ്മെന്റ് ഫണ്ടിൽ ഉൾപ്പെടുത്തി ചുവടെ പറയുന്ന 5 പ്രവർത്തികൾക്ക് ഭരണാനുമതി നൽകുന്ന കാര്യം കോഴിക്കോട് ജില്ലാകളക്ടറുമായി ബന്ധപ്പെട്ട് പരിശോധിച്ചു വരുന്നു.<br><br>1) കോഴിക്കോട് കോർപ്പറേഷനിൽ നമ്പോലി ചിറക്കൽ എന്ന സ്ഥലത്ത് പൂനൂർ പുഴയുടെ ഇടതുകര സംരക്ഷണം- തുക 19.50 ലക്ഷം രൂപ.<br><br>2) കോഴിക്കോട് കോർപ്പറേഷനിൽ പുറക്കാട്ടേരി പാലത്തിന് സമീപം മംഗലപുഴയുടെ ഇടതുകര സംരക്ഷണം- തുക 10.50 ലക്ഷം രൂപ.<br><br>3) കോഴിക്കോട് കോർപ്പറേഷനിൽ മൊകവൂർ പാലന്തലക്കൽ പൂനൂർ പുഴയുടെ ഇടതുകര സംരക്ഷണം- തുക 20.00 ലക്ഷം രൂപ.<br><br>4) കോഴിക്കോട് കോർപ്പറേഷനിൽ കോരപ്പുഴ പാലത്തിന് താഴെ ഭാഗത്ത് കോരപ്പുഴയുടെ ഇടതുകര സംരക്ഷണം- തുക 13.00 ലക്ഷം രൂപ.<br><br>5) കോഴിക്കോട് കോർപ്പറേഷനിൽ മേടയിൽ താഴത്ത് പൂനൂർ പുഴയുടെ ഇടതുകര സംരക്ഷണം- തുക 18.50 ലക്ഷം രൂപ. |
| ബി) | പ്രസ്തുത പദ്ധതികൾ ഒരോന്നിനും എത്ര തുക വീതമാണ് വകയിരുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | | |

**മൈനർ ഇറിഗേഷൻ**

1) ചേളന്നൂർ പഞ്ചായത്തിലെ കൽചിറബണ്ടിന്റെ പുനരുദ്ധാരണം. തുക 38.00 ലക്ഷം രൂപ.

2) ചേളന്നൂർ പഞ്ചായത്തിലെ മുക്കത്ത്താഴം ബണ്ട് അഭിവൃദ്ധിപ്പെടുത്തൽ. തുക 8.95 ലക്ഷം രൂപ.

3) കാക്കൂർ പഞ്ചായത്തിലെ നമ്പ്രം തോടിലെ പാർശ്വഭിത്തി സംരക്ഷണം. തുക. 15.00 ലക്ഷം രൂപ.

4)കാക്കൂർ പഞ്ചായത്തിലെ രാമല്ലൂർ തോടിനു കുറുകെ പഞ്ചായത്ത് സ്റേഡിയത്തിന് അരികെ താല്ക്കാലിക തടയണ നിർമ്മാണം. തുക 1.00 ലക്ഷം രൂപ

**ചീഫ് എഞ്ചിനീയർ,പ്രോജക്ട്സ്-1** കുറ്റ്യാടി പദ്ധതിയിൽ എലത്തൂർ നിയോജകമണ്ഡലത്തിൽ നടപ്പിലാക്കുവാൻ തീരുമാനിച്ചിട്ടുള്ള പ്രവൃത്തികളുടെ പേരും തുകയും ചുവടെ ചേർക്കുന്നു.

1) KyIP- Maintenance of canal bund road between ch. 28/775Km and ch. 30/875Km of Kakkody Branch Canal. **25.00** ലക്ഷം രൂപ.

2) KyIP- Maintenance of canal bund road between ch. 21/100Km. and ch. 23/000Km of Kakkody Branch Canal. **20.50** ലക്ഷം രൂപ.

3) KyIP- Maintenance of canal bund road between ch. 23/000Km. and ch. 25/000Km of Kakkodi branch Canal ( Kannakara aqueduct to Chelannur) . **25.00** ലക്ഷം രൂപ.

4) Construction of culvert ch. 32/100Km to 32/150Km of Kakkody Branch Canal . **3.20** ലക്ഷം രൂപ.

5) KyIP- Urgent rectification work for preventing leakage between ch. 24/700Km to 24/800 of Kakkody Branch Canal. **8.00** ലക്ഷം രൂപ.

| | | | |
|---|---|---|---|
| സി) | പ്രസ്തുത പദ്ധതികൾക്ക് ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ടോ; എങ്കിൽ പകർപ്പ് ലഭ്യമാക്കുമോ; | സി) | **ചീഫ് എഞ്ചിനീയർ, ജലസേചനവും ഭരണവും.** - മൈനർ ഇറിഗേഷൻ പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. മേജർ ഇറിഗേഷൻ പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടില്ല. ഭരണാനുമതിക്കായി സംസ്ഥാന ഉന്നതതല സമിതിക്ക് സമർപ്പിച്ചിട്ടുണ്ട്. |

**ചീഫ് എഞ്ചിനീയർ, പ്രോജക്ട്സ്-1** മേൽ പറഞ്ഞ ആദ്യത്തെ മൂന്ന് പ്രവർത്തികൾക്ക് കനാൽ ബണ്ട് റോഡുകൾക്കായി ജി.ഒ (ആർ.റ്റി) നം. 1308/2011/ജവിവ തീയതി. 29/12/2011 പ്രകാരം കുറ്റ്യാടി പദ്ധതിയ്ക്കായി അനുമതി നൽകിയ 5 കോടി രൂപയിൽ ഉൾപ്പെടുത്തി. ബാക്കി 2 പണികൾക്കും, കുറ്റ്യാടി പദ്ധതിയുടെ അറ്റകുറ്റ പണികൾക്കുമായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള 240 ലക്ഷം രൂപയിൽ ഉൾപ്പെടുത്തി സാമ്പത്തികാനുമതിയും ഭരണാനുമതിയും നൽകി നടപ്പിലാക്കുന്നതാണ്.

| | | | |
|---|---|---|---|
| ഡി) | പ്രസ്തുത പദ്ധതികൾ എന്നത്തേക്ക് പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | ഡി) | **ചീഫ് എഞ്ചിനീയർ, ജലസേചനവും ഭരണവും.** - മൈനർ ഇറിഗേഷൻ പ്രവൃത്തികളുടെ ടെണ്ടർ നടപടികൾ പൂർത്തിയായി വരുന്നു. പ്രവൃത്തികൾ 2013 ജൂൺ മാസത്തോടെ പൂർത്തിയാക്കുവാനാണ് ഉദ്ദേശിക്കുന്നത്.<br><br>**ചീഫ് എഞ്ചിനീയർ,പ്രോജക്ട്സ്-1** ആദ്യത്തെ മൂന്ന് പ്രവൃത്തികൾ എഗ്രിമെന്റ് വെച്ച് 10 മാസത്തിനകവും മറ്റ് രണ്ടു പ്രവർത്തികൾ മൂന്നു മാസത്തിനകവും പൂർത്തീകരിക്കാനാണുദ്ദേശിക്കുന്നത്. |

**സെക്ഷൻ ഓഫീസർ**